# അക്കാദമിക മാസ്റ്റർ പ്ലാൻ

# 1

2025-2026

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഭാഷാ ശേഷിയും ലക്ഷ്യംവെക്കുന്നത്. എഴുത്ത്. വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഞങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ :-

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ വായനസാമഗ്രി ദ്രുതിയിൽ വായിച്ച് ആശയം ഗ്രഹിക്കാൻ കഴിവുള്ളവരാക്കുക.

2. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുമായി സംവദിക്കാനും ചെറുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്നു ഉറപ്പുവരുത്തുക.

3. സങ്കലനക്രിയയും വ്യവകലനക്രിയയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനു കഴിവു നേടുക.

4. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

5. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷേമവും ഉറപ്പാക്കുക.

# മലയാളം

## പ്രവർത്തന പദ്ധതി

ലക്ഷ്യം 1 : ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ സാഹിത്യ കൃതികൾ വായിച്ച് ആശയം ഗ്രഹിക്കാൻ പ്രാപ്തരാക്കുക.

### ജൂൺ

* ടീച്ചറുടെ കവിതകളും പാഠഭാഗങ്ങളിലെ ആശയം ഉൾക്കൊള്ളുന്നവ പഠിക്കുന്നു.
* കവിതകൾക്ക് ഈണം പാടാൻ പരിശീലനം.

### ജൂലൈ

* ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.
* വിദ്യാരംഗം – കവികൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു (ചുമർപത്രിക)
* കഥയിലെ ആശയങ്ങൾ ചിത്രീകരിക്കുന്നു.
* ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു.
* ചെറിയ ശില്പശാല
* ചിത്രകാർഡുകൾ വായനകാർഡ് നിർമ്മാണ ശില്പശാല
* ഡിജിറ്റൽ സാധ്യതകളിലൂടെ കഥകൾ കേൾക്കാനും ചൊല്ലാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ കണ്ടെത്തൽ.

### ആഗസ്റ്റ്

* നിലവിൽ സാധ്യതകൾ, വായന കാർഡുകൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കാൻ
* കഥകളുടെ പുനരവതരണം സ്വതന്ത്ര വ്യവഹാരരൂപങ്ങളിലൂടെയും പ്രോത്സാഹിപ്പിക്കുന്ന സഹായകങ്ങളെയും അവതരിപ്പിക്കാൻ അവസരം

## സെപ്റ്റംബർ

* ചിത്രവായന നടത്തി പ്രധാനമായ ആശയങ്ങൾ സ്ഥിരമായി പതിയുന്നു (കുട്ടികളുടെ വാചിക പ്രശ്നങ്ങൾ).
* ചിത്രങ്ങൾക്ക് സഹായത്തോടെ ലളിതമായ കുറിപ്പ് തയ്യാറാക്കുന്നു
* ചിത്രവായനക്കാർഡുകൾ തയ്യാറാക്കൽ
* കൂട്ടവായന - കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി ചിത്രവായന നടത്തുന്നു.

## ഒക്ടോബർ

* ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു
* വേദിയിൽ സ്വതന്ത്രമായി പറയൽ

## നവംബർ

* ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്നത് ടീച്ചർ വാക്യങ്ങളായി എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.
* കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രദർശനം
* കൂട്ടവായന - കുട്ടികൾ നിർമ്മിച്ച കഥകൾ ഉറക്കെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

## ജനുവരി

* ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു കുട്ടികൾ വായിക്കുന്നു.
* വായനക്കാർഡുകൾ വാക്യങ്ങളുടെ സഹായത്തോടെ തയ്യാറാക്കുന്നു

## ഫെബ്രുവരി

* ചെറിയ ചെറിയ ബാലസാഹിത്യങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.
* കുട്ടികൾ വാക്യങ്ങളുടെ പിന്തുണയോടെ വായിക്കുന്നു.

മാർച്ച്

* ചിത്രപ്രദർശനങ്ങൾ നടത്തുന്നു ശാസ്ത്രപുസ്തകങ്ങൾ വായിക്കുന്നു
* നവമാധ്യമങ്ങളിൽ പങ്കിടുന്നു. (സ്കൂൾവിക്കി)

പ്രയോജനങ്ങൾ :-

* ഭാഷാപരിജ്ഞാനത്തിൽ തങ്ങളുടെ നിലവിലെ ശേഷി വർദ്ധന
* ഒന്നാംതരത്തിൽ പ്രവേശിക്കുന്ന കുട്ടികളെ വായിച്ചു കേൾപ്പിക്കുന്നതിനാവശ്യമായ വായനാസാമഗ്രികളുടെ നിർമ്മാണം.
* ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുങ്ങുന്നു.

ലക്ഷ്യം 2 : എല്ലാ കുട്ടികളും സ്വന്തം അനുഭവങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലളിതമായ വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുന്നു എന്ന് ഉറപ്പുവരുത്തുക.

* ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതൽ.
* എല്ലാ ആഴ്ചയിലും പൂരിപ്പിക്കൽ പാഠങ്ങൾ [ചോദ്യങ്ങളിലൂടെ രൂപപ്പെടുന്ന ഉത്തരപാഠം]
* ഡയറി എഴുത്ത് (സഹായത്തോടെ). ഒപ്പം പൂരിപ്പിക്കൽ
* കാർട്ടൂണുകൾക്ക് സംഭാഷണമെഴുതൽ
* കൂട്ടെഴുത്ത് - കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള രചനാ ശില്പശാലകൾ.
* വിടവുള്ള പാഠങ്ങൾ - ലഘുവിവരണം പുനർനിർമ്മിച്ച് അതിൽ നിന്നും ചോദ്യങ്ങളിലൂടെ പൂരിപ്പിക്കൽ പാഠങ്ങൾ നിർമ്മിക്കൽ.

[ആദ്യം അറിയാവുന്ന രീതിയിൽ എഴുതുന്നു. പിന്നീട് ടീച്ചറെഴുതുന്നതിൽ മെച്ചപ്പെടുത്തി എഴുതുന്നു].

# English

The goal for the first Grader is to handle English fluently. The first grader must go from small words to big words. They must be able to read write and speak English Every child should be able to speak English fluently. like Malayalam. we have to keep the language english close to our heart.

The Academic master plan is designed to ensure that not a single child goes illiterate.

## Objectives and Learning Outcomes

- Respond to simple instructions in the classroom
- Describe orally about the pictures and objects
- Familiarise with simple words
- Enjoy songs and sings them with Rhythm and action
- Familiarise the name of birds, animals, their young. ones and identifies them from pictures.

## June

* Introduce symbol words
* Provides picture cards.

## July

* Identify familiar words
* Say familiar words
* Read familiar words
* Write familiar words.

## August

* Enjoy songs and sings them with Rhythm and action.
* Describes orally about pictures and objects using adjectives.

## September

* Read and write simple words and simple sentences
* Provides picture cards and reading cards

## October

* Introduce symbol picture descriptions.
* make word chain, sentance chain.
* make riddles.
* Describing words, rhyming words
* Text book activities.

## November

* prepare reading cards
* provides more opportunities to read, right and speak English
* writes five English word daily.

## December

* Read and understand simple instructions in the class room.
* Encourage digital reading.

## January

* Enjoy songs and sings them with Rhythm and action
* make picture albums.
* collect pictures of animals and its young ones

## February

* provide the opportunity to express myself in the classroom.
* English assembly once in a week.

## March

* speaks English fluenty
* Read and write simple sentences
* picture reading and picture description.

# ഗണിതം

## ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിതപ്രവർത്തനങ്ങൾ ഓരോ രീതി കുട്ടികൾ ഏറ്റെടുക്കേണ്ടിയിരുന്നു. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ പഠിച്ചെടുക്കാൻ പറ്റുന്ന ഒന്നാണല്ലോ. സമൂഹത്തിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവസരോചിത നേരിടേണ്ടിവരുമ്പോൾ ഗണിതം പിന്നോട്ട് പോകാതെ മുന്നോട്ട് യാത്രയിൽ എത്തിച്ചേരേണ്ടത് ആവശ്യമാണ്. ജീവിതത്തിൽ ഓരോ വ്യക്തിയും പഠിച്ചെടുക്കേണ്ട അത്യന്താപേക്ഷിതമാണ് ഗണിത പ്രവർത്തനങ്ങൾ. ഗണിതം ഇല്ലാത്ത ജീവിതത്തിൽ ഒന്നുമില്ല എന്നു തന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കുന്നതാണ്. പഠനത്തിന് ഗണിതാശയങ്ങൾ നേടിയെടുക്കാൻ സഹായമാകുന്ന തരത്തിലാണ് ഞാൻ ഇവിടെ യൂണിറ്റ് പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ജൂൺ, ജൂലൈ :-

* 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
* 5 വരെയുള്ള എണ്ണത്തെ പകുതി, മുഴുവൻ കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* Five frame ൽ ഗണിതക്രിയകൾ ചിത്രീകരിക്കുന്നു.
* പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വെച്ച് തരംതിരിച്ച് വിശദീകരിക്കുന്നു. (2/4, 3/5)
* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതത്തിന് തയ്യാറാകുന്നു.
* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* 9 ൽ താഴെയുള്ള വിവിധ സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യയിലും എന്ന് കണ്ടെത്തുന്നു.
* ഒറ്റ സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.
* ആരോഹണ അവരോഹണ ക്രമത്തിലാക്കൽ
* രണ്ട് ഒറ്റസംഖ്യകളുടെ സങ്കലനം (3+5=8)
* രണ്ട് ഒറ്റസംഖ്യകളുടെ വ്യവകലനം (5-3=2)
* ഒറ്റ സംഖ്യ വ്യാഖ്യാനം
  2+2+1=5, 3+2=5, 2+3=5.
* ഒറ്റ സംഖ്യ പാറ്റേൺ രൂപീകരിക്കൽ
* ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ്. നേടൽ.

## ആഗസ്റ്റ് :-

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ
* വലിയ സംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ
* കൂടുതൽ, കുറവ് തിരിച്ചറിയൽ.
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ :-

* സംഖ്യ ഗാനങ്ങൾ ആലപിക്കുന്നു
* ഒറ്റസംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ (5+3=8)
* ഒറ്റസംഖ്യകൾ തമ്മിൽ വ്യവകലനക്രിയകളിൽ ഏർപ്പെടുന്നു (5-3=2).
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതക്രിയകളിൽ ഏർപ്പെടുന്നു
* ഒന്നിനോടൊന്ന് കൂട്ടിയാൽ, മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്. സംഖ്യഗാനം ആലപിക്കൽ

  1+1 = 2 , 2+1 = 3

## ഒക്ടോബർ :-

* ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകൾ, ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാകാൻ

  1 2 3 4 5 6 7 8 9 10

* വലിയസംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
* മൂല്യനിർണയ പ്രവർത്തനങ്ങൾ.

## നവംബർ :

* സംഖ്യഗാനങ്ങൾ പാടുന്നു, രസിക്കുന്നു.
* ഗണിതപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു.
  [worksheet കൾ നൽകുന്നു]
* ഒറ്റസംഖ്യയും രണ്ടക്കസംഖ്യയും തമ്മിൽ സങ്കലനപ്രവർത്തനങ്ങളിൽ ഏർപ്പെടൽ

$10+1=11$   $10+2=12$   $10+3=13$

## ഡിസംബർ :-

* സംഖ്യകൾ അവരോഹണ, ആരോഹണ ക്രമത്തിൽ എഴുതൽ
* ഗണിത ആൽബം തയ്യാറാക്കൽ
* "My Number book" തയ്യാറാക്കൽ
* സംഖ്യകളെ തിരിച്ചറിയാൻ worksheet പ്രവർത്തനങ്ങൾ

## ജനുവരി :-

* ഒറ്റസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനപ്രവർത്തനങ്ങൾ

$10-1=9$   $10-3=7$   $10-5=5$
$10-2=8$   $10-4=6$

* സങ്കലനം, വ്യവകലനം [+, - ചിഹ്നങ്ങൾ] തിരിച്ചറിവ് നേടുന്നു
* സംഖ്യാ വ്യാഖ്യാനത്തിലേക്ക് എത്തുന്നു.

(1-10 വരെയുള്ള സംഖ്യകൾ)

6-1 = 5
2+3 = 5
10-3 = 7
1+4 = 5

## ഫെബ്രുവരി :-

* ഗണിതം - ആൽബം CPTA യിൽ പ്രദർശനം
* ഗണിത ഡയറി, സംഖ്യാസൂര്യൻ ആൽബം ചാർട്ടുകൾ പ്രദർശനം
* സംഖ്യാഗാന ആൽബം ചാർട്ടുകൾ പ്രദർശനം
* വില വിവരപ്പട്ടിക പ്രശ്നവിശകലനക്രിയകളിൽ ഏർപ്പെടൽ
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ

## മാർച്ച് :-

* ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധതരം worksheet കൾ നൽകൽ
* ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ
* ഉല്ലാസഗണിതം പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. meterials ഉപയോഗിച്ച് ഗണിതക്രിയകളിൽ ഏർപ്പെടൽ, ICT സഹായത്തിൽ ഉല്ലാസഗണിത പ്രവർത്തനങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ.

* ഗണിതത്തിന് പ്രവർത്തനങ്ങൾ ചെയ്യുന്നു.
* സംഖ്യകളുടെ പട്ടികയും നിർമ്മിതിയും പ്രവർത്തന ങ്ങൾ ഗണിതത്തിലൂടെ സാധ്യമാണ്.

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിറങ്ങളിൽ വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
- വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ. പൂക്കുന്നവ, പൂക്കാത്തവ) തരംതിരിച്ച് പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു. കണ്ടെത്തുന്നു.
- പൂക്കളുടെ സാദൃശ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.
- നിറം, രുചി, ആകൃതി, മണം, വലുപ്പം, എന്നിങ്ങനെ ഉള്ളതിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
| --- | --- | --- | --- |
| • ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിന്നുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കുന്നു | • പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള സസ്യങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു.<br>• പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ<br>PTA അംഗങ്ങൾ<br>രക്ഷിതാക്കൾ |
| • ചെടികൾക്ക് വേര് തണ്ട് ഇല പൂവ് കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു. | • സ്കൂളിൽ പൂന്തോട്ടം നിർമിക്കുന്നു.<br>• പൂന്തോട്ടത്തിലെ ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ മനസ്സിലാക്കുന്നു. | സെപ്റ്റംബർ.<br>ഒക്ടോബർ<br>നവംബർ | അധ്യാപകർ.<br>PTA. |
| • ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ മനസ്സിലാക്കുന്നു. | • പച്ചക്കറികൾ പഴങ്ങൾ കിഴങ്ങുകൾ പൂക്കൾ എന്നിവയെ തരംതിരിക്കുന്നു. ഓരോ ചെടിയുടെയും ഏതു ഭാഗമാണ് ഭക്ഷ്യയോഗ്യമെന്ന് മനസ്സിലാക്കുന്നു<br>• രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമിക്കുന്നു. | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച്. | രക്ഷിതാക്കൾ,<br>അധ്യാപകർ |

അക്കാദമിക മാസ്റ്റർ പ്ലാൻ

2025- 26

വിഷയം : ഗണിതം

ക്ലാസ് : 2

സ്കൂൾ : എം.എം.യു.പി.എസ്

## ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യുന്നു എന്നത് മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് ഈ ഗണിത പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടങ്ങളിലൂടെയും ഗണിത ആശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലൂടെ അർത്ഥപരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വെക്കുന്നത്

## പ്രവർത്തന ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷികൾ ഉറപ്പാക്കൽ

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്

ഗണിതകിറ്റ് ഉപയോഗിച്ച് ഗണിത ആശയങ്ങൾ ഉറപ്പിക്കൽ

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു. (100ൽ താഴെ)

ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത രീതിയിൽ ഉത്തരങ്ങൾ കൈവരിക്കാൻ കഴിയും

പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ [illegible]

## മുന്നറിവ്

ഗണിത ആശയങ്ങളിൽ മുൻപ് കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു

## പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന പ്രത്യേക രീതിയിൽ പ്രയോജനപ്പെടുത്തൽ

## ജൂൺ

1, 2, 3, 4, ....
1, 3, 5, 7, ....
10, 20, 30, 40, ....
5, 10, 15, 20, ....
2, 4, 6, 8, 10, ..... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1, കുറച്ചാൽ തൊട്ട് മുമ്പത്തെ സംഖ്യ കിട്ടും

## ജൂലൈ

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യക്കൂട്ടത്തിന്റെ വർദ്ധനയായി എണ്ണി ആകെ എണ്ണം പറയൽ

ഗണിത കിറ്റ് എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ

പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് വലിയ സംഖ്യ രൂപീകരിക്കൽ
(5+5=10, 10+10=20)

## ആഗസ്റ്റ്

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100

100 ഒന്നുകൾ ചേർന്നാൽ 100

## സെപ്റ്റംബർ

ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

വിലവിവരപട്ടിക തയ്യാറാക്കൽ

## ഒക്ടോബർ

വലിയ സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ

## നവംബർ

സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)

പ്രായോഗിക പ്രശ്നത്തിനായി കളിനോട്ടുകൾ [illegible] [illegible] സംഖ്യ എഴുതൽ

ക്ലാസിനോട് കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂടിയത് സംഖ്യ രൂപീകരിക്കൽ

## ഡിസംബർ

സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ

സ്ഥാനവില തിരിച്ചറിയുന്ന സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി അബാക്കസ്, സ്ഥാനവില പോക്കറ്റ് എന്നിവ നിർമ്മിക്കൽ

രണ്ടക്കസംഖ്യകളുടെ തുക കാണുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

വിലവിവര പട്ടിക തയ്യാറാക്കൽ, പട്ടികപ്പെടുത്തൽ പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ

സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടപെടലുകളിൽ ഗണിത ആലാപനം നടത്തൽ

ഉല്ലാസഗണിതം മെറ്റീരിയൽ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളികളിലൂടെ ഉറപ്പാക്കി വിജയം കൈവരിക്കൽ

## മാർച്ച്

കലണ്ടർ പതിപ്പ് തയ്യാറാക്കൽ

കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ, മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

കലണ്ടർ സംഖ്യാ പെട്ടികൾ പാറ്റേണുകൾ രൂപീകരിക്കൽ

കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

ഗണിത ആശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

## English

| Aim | Activity | | |
|---|---|---|---|
| To Speak Read and write | English without any mistake | June, July August | Teacher |
| To develop listening skills and reading skills first | **Listening skills**<br>Games, action songs, Hello English activities, conversations, skit, stories use ICT<br>**Speaking skills**<br>Descriptions, growing sentences Picture reading, picture description riddles, self introduction | June, July August to march | Teacher Parents |
| | **Reading skills**<br>News paper reading, library books reading, rhyming words Text book activities.<br>work book activities | July, August to march | Teacher Parents |

Writing skills

Make word web

Picture description

Word and sentence chain

Conversation

Add more lines

Develop story

Diary

Letter

Magazines

മാസ്റ്റർ പ്ലാൻ

ക്ലാസ് : 3

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1) Pre-test<br>2) അക്ഷരം ഉറപ്പിക്കൽ<br>3) അടയാളം ഉറപ്പിക്കൽ<br>4) അക്ഷരകാർഡ് നൽകൽ<br>5) വാക്കുകൾ എഴുതിയ കാർഡ്<br>6) വാക്കുകൾ നിർമ്മിക്കുക<br>7) വാക്യങ്ങൾ നിർമ്മിക്കൽ<br>8) ചിത്രം-കഥ എഴുതൽ<br>9) കഥാപുസ്തകം നൽകൽ | | അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1) എഴുത്തുകൂട്ട രൂപീകരണം<br>2) പുസ്തക ചർച്ച<br>3) ക്ലാസ് ലൈബ്രറി<br>4) വായനാക്കുറിപ്പ് പതിപ്പ്<br>5) വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടൽ<br>6) വ്യക്തിരചന, സംഘരചന<br>7) രചയിതാക്കളെ പരിചയപ്പെടൽ | 6 മാസം | |

| | | | |
|---|---|---|---|
| 3) കുട്ടിയെ മികച്ച വായന ക്കാരനാ- ക്കുക. | 1) എഴുത്തുകൂട്ട രൂപീകരണം<br>2) പുസ്തക ചർച്ച<br>3) ക്ലാസ് ലൈബ്രറി<br>4) വായന കുറിപ്പ് പതിപ്പ്<br>5) വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>6) സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7) വായനാകുറിപ്പ്<br>8) വ്യക്തിഗത രചന സംഘ രചന<br>9) രചയിതാക്കളെ പരിചയപ്പെടൽ. | ജൂൺ- മാർച്ച് | അധ്യാപകർ |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.<br>ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | - പ്രകൃതി നടത്തം<br>- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>- പ്രത്യേകതകൾ മനസിലാക്കാം.<br>- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം.<br>- ചർച്ച - തെറ്റും ശരിയും. | ജൂൺ- ഒക്ടോബർ | അധ്യാപകർ |
| | പൂന്തോട്ടം ഒരുക്കാം<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ. | ജൂൺ- മാർച്ച് | |
| | ഒരു തൈ നടാം<br>- പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>- പരിസരങ്ങളിൽ പതിക്കൽ. | ജൂൺ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | ദാഹജലം - ചുറ്റുവട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച്-മെയ് | |
| കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക. | ദിനകൃത്യങ്ങൾ<br>- ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ-മാർച്ച് | അധ്യാപകർ |
| | · നമ്പർ വൺ<br>ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>- വ്യക്തി ശുചിത്വം, ക്ലാസ്സും പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ-മാർച്ച് | |

| | | | |
|---|---|---|---|
| | നല്ല ശീലം<br>- പൊതുസ്ഥലങ്ങൾ ശുചിയാക്കൽ<br>- പരിസരത്തിൽ പതിക്കാം. | ജൂലൈ-മാർച്ച് | |
| വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ്<br>- നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ കാട്) | ജനുവരി-മാർച്ച് | |
| | പരീക്ഷണങ്ങൾ<br>ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | നവംബർ-ഫെബ്രുവരി. | അധ്യാപകർ |
| | പക്ഷി നിരീക്ഷണം<br>പക്ഷിനിരീക്ഷണത്തിന് അവസരം. | ജനുവരി-മാർച്ച് | |

## ഗണിതം

| ലക്ഷ്യം. | പ്രവർത്തനം. | കാലം. | ചുമതല. |
|---|---|---|---|
| രൂപങ്ങൾ വരയ്ക്കാം. ചതുരം, വട്ടം, ത്രികോണം എന്നീ രൂപത്തിൽ രൂപങ്ങളെ തിരിച്ചറിഞ്ഞ് വേർപെടുത്തൽ | 1) തോരണം നിർമ്മാണം<br>2) തോണി നിർമ്മാണം<br>3) വെജിറ്റബിൾ പ്രിന്റിങ്<br>4) ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു. | | അധ്യാപകർ. |
| കണക്കുപ്പെട്ടി നിർമ്മാണം. | 1) 1 മുതൽ 100 വരെ എഴുതിയ ടോക്കൺ കളി നോട്ടുകൾ. ഓരോ നോട്ടുകളും 10 എണ്ണം വീതം.<br>2) കമ്പ് കെട്ടുകൾ.<br>3) സംഖ്യാ സ്ട്രിപ്പുകൾ.<br>4) അബാക്കസ് നിർമ്മാണം. | | |

| | | | |
|---|---|---|---|
| പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം. | | | |
| വിവിധ സ്കെയിൽ നിർമ്മാണം. | 1) കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്ലാസ് പ്രദർശനം. | | അധ്യാപകർ |
| ഗുണന ചാർട്ട് കാർഡ് നിർമ്മാണം. | | | |

## ENGLISH

| Aim | Activities | Time | |
|---|---|---|---|
| To check the vocabulary and writing skills of pupils. | 1) Pre test<br>Writing, Reading activities.<br>To develop listening skills and reading skills.<br>* Listening skills.<br>Games, Action Songs.<br>• Hello English activities.<br>• Conversations<br>• Skit stories.<br>• using ICT<br>* speaking skills<br>• Naming words<br>• Action words. | June and July. | |
| To speak, Read and write english without ~~may~~ many mistakes | 1) Writing simple Sentences and description.<br>2) Picture reading, self introduction, | | |

| | | | |
|---|---|---|---|
| | Conversation etc. | | |
| creative speaking and writing | * Reading skills.<br>• Reading more books.<br>• Rhyming words.<br>• T.B activities.<br>*Writing skills.<br>* Make word web<br>• picture description.<br>• Word chain<br>• Make riddles.<br>• Add more lines. | August-September. | |
| To express ; thoughts feelings etc. | Reading library books.<br>Skit, stories etc.<br>Writing description and thoughts. | October-November. | |
| creative speaking and writing. | • Book reading and diary reading<br>• Diary writing and Announcement. | December-January. | |

# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്- 4

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ്. |
|---|---|---|---|
| മലയാളം അക്ഷരസ്ഫുടതയോടെയും, ഒഴുക്കോടെയും, ആശയ വ്യക്തതയോടെയും ഉള്ള വായന | വായിക്കാം എഴുതാം. | • കൂട്ടുകാർക്ക് മുന്നിൽ ഉച്ചത്തിലുള്ള വായന<br>• നിശബ്ദവായന<br>• വായനാകാർഡ് നൽകി നോട്ട് ബുക്കിൽ എഴുതൽ<br>• ഉച്ചത്തിൽ വായന | ജൂൺ |
| " | വായിക്കാം എഴുതാം. തുടർ പ്രവർത്തനം | • വായനാകാർഡ് നൽകുന്നു.<br>• അവ നോക്കിയെഴുത്തിൽ എഴുതുന്നു.<br>• വായനാകാർഡ് രക്ഷിതാക്കൾക്ക് വായിച്ച് കേൾപ്പിക്കുന്നു.<br>• ഓഡിയോ/വീഡിയോ അയക്കുന്നു | ജൂലൈ |
| " | ആശയം പറയാം | • കുട്ടികൾക്ക് കഥപുസ്തകം/ വായനാകാർഡ് നൽകുന്നു.<br>• നിശബ്ദ വായന.<br>• വായിച്ചറിഞ്ഞ ആശയം പറയൽ | ആഗസ്ത്. |

| | | | |
|---|---|---|---|
| | | • ആവശ്യമെങ്കിൽ ആവർത്തന വായന.<br>• കുട്ടികൾക്ക് മുന്നിൽ ആശയങ്ങളോടെ ഉച്ചത്തിൽ വായന. | |
| | ആശയം പറയാം<br>തുടർ പ്രവർത്തനം. | • കുട്ടിക്ക് ഒരു വായനാ കാർഡ് നൽകുന്നു.<br>• രക്ഷിതാവിനെ വായിച്ച് കേൾപ്പിക്കുന്നു.<br>• വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞു കൊടുക്കുന്നു. | |
| | വായിക്കാം...<br>അഭിപ്രായം പറയാം. | • വായനാകാർഡ് നൽകുന്നു<br>• വായിച്ചവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>• കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ |

| | | | |
|---|---|---|---|
| കഥ, കവിത എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥകാണാം . . .<br>എഴുതാം . . . | * ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.<br>* കണ്ട കഥ സ്വന്തമായി എഴുതുന്നു.<br>* മെച്ചപ്പെടുത്തുന്നു. | |
| | കഥകാണാം എഴുതാം. തുടർപ്രവർത്തനം. | ○ രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾക്കാൻ അവസരം<br>○ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/ വീഡിയോ ക്ലാസ് ഗ്രൂപ്പിൽ അയക്കുന്നു. | നവംബർ/ ഡിസംബർ |
| | ചിത്രത്തിലെന്തെല്ലാം. | • ചിത്രം നിരീക്ഷിക്കാൻ അവസരം.<br>• വിവരണം എഴുതിക്കുന്നു.<br>• ചിത്രത്തിലെന്തെല്ലാം എന്ന് പറയാൻ അവസരം.<br>• അധ്യാപികയുടെ ഇടപെടൽ<br>• രചന മെച്ചപ്പെടുത്തൽ | |

| | | | |
|---|---|---|---|
| | എന്തെല്ലാം കാഴ്ചകൾ (കുഞ്ഞുരചന) | • കുട്ടിക്ക് തന്റെ രക്ഷിതാവിന്റെ സഹായത്തോടെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് തയ്യാറാക്കാൻ അവസരം.<br>• എഴുതിയ കുറിപ്പ് വായിക്കുന്ന വീഡിയോ/ ഓഡിയോ അയക്കുന്നു. | ജനുവരി/ ഫെബ്രുവരി |
| | കവിത പൂർത്തിയാക്കാം പാടി അവതരിപ്പിക്കാം. | • കവിത പൂർത്തിയാക്കാൻ അവസരം<br>• കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.<br>• കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു. | |

English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ [അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്] | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

ഇംഗ്ലീഷ് ഡയറി [ഇംഗ്ലീഷ് ഭാഷാ പഠനം]

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ | |

ഇംഗ്ലീഷ് തിയേറ്റർ [ഇംഗ്ലീഷ് ഭാഷാ പഠനം]

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. [Skit, Drama, Conversation, Story telling] | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ. | |

## ഇംഗ്ലീഷ് മാഗസിൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചനാ ശേഷി വികസനം | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | January | ക്ലാസ് ടീച്ചർ | |

## ഇംഗ്ലീഷ് കൈയെഴുത്ത്, ഇംഗ്ലീഷ് കോർണർ ഒരുക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് പുസ്തകങ്ങൾ ഉൾപ്പെടുത്തി 'വായനമൂല' ഒരുക്കൽ | ആഴ്ചയിൽ June. | ക്ലാസ് ടീച്ചർ. | |

## ഇംഗ്ലീഷ് കൈയെഴുത്ത്,

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്വന്തമായി കഥ എഴുതാൻ അവസരങ്ങൾ നൽകൽ തയ്യാറാക്കി കൈമാറൽ | July August | Class Teacher | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തൽ, അവതരിപ്പിക്കൽ | വായനാ മത്സരം രചനാ മത്സരം സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. English fest | വർഷം മുഴുവൻ February | CPTA HM | CPTA SRG HM |

## ഗണിതം.

| ലക്ഷ്യം. | പ്രവർത്തനം. | കാലക്രമം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ [ചതുഷ്ക്രിയകൾ ലളിതമാക്കൽ]<br>കളിതാം ഗുണിക്കാം. | വിവിധ കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ, മൂല്യനിർണ്ണയം.<br>[ഏകനിഷ്ഠം പാഠ്യം, ഡയസ് കളി]<br>സങ്കലനം - വ്യവകലനം.<br>[കച്ചവടക്കളി, ഇടർക്കിൽ കളി] | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം<br>ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന - ശേഷി വികാസം. | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണ പ്രദർശനം. | വർഷത്തിൽ ഒരിക്കൽ [ഉചിതമായ സമയത്ത്] | ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ്<br>ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>class Tr | PTA |

| | | | | |
|---|---|---|---|---|
| ഗണിത ചുമർ. ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | മാത്സ് ടീച്ചർ | PTA |
| പഠനോപകരണ ശില്പശാല ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | SRG മാത്സ് ടീച്ചർ | PTA |
| ഗണിതമേള. ഗണിത ശേഷികളുടെ - പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠനോൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG Class Tr. | PTA |

മേഖല : അക്കാദമികം
ഉപമേഖല : പരിസരപഠനം
ക്ലാസ് : IV

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
| * നിരീക്ഷണം<br>* അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | അവശ്യാനുസരണം | CPTA | PTA |
| ശാസ്ത്രമേള. | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | class Teacher. | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | | | | |
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക | ജൂൺ-5 പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വൃക്ഷത്തൈ നടൽ ഫോട്ടോ ക്ലാസ് ഗ്രൂപ്പിൽ പ്രദർശിപ്പിക്കൽ | ജൂൺ | CPTA | CPTA |

| | | | | |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ക്ലാസിലൊരു പൂന്തോട്ടം, കുപ്പി ഉപയോഗിച്ച് | ജൂൺ | CPTA | CPTA |
| ഭൂപടമൊരുക്കാം. | | | | |
| കേരളം - ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചിക നിർമ്മാണം | വർഷ- ത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാ- നുസരണം | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| ശാസ്ത്രോത്സവം. | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ഉപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷ- ത്തിൽ ഒരിക്കൽ | SRG HM class teacher | PTA class Teacher. |
| ശാസ്ത്രമാസിക. ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികയുടെ നിർമ്മാണം | വർഷ- ത്തിൽ ഒരിക്കൽ | Class Teacher | class Teacher |

# Academic Master Plan

## 2025 – 26

## ARABIC - LP

MMUPS Kuppam

## ലക്ഷ്യങ്ങൾ

1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ ശരിയായ രീതിയിൽ മനസ്സിലാക്കി എഴുതാനും വായിക്കാനുമുള്ള കഴിവ്
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന, പദനിർമ്മാണം, പദശേഖരണം
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു
4. കഥ, കവിത ആസ്വാദനം
5. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ പരിപോഷിപ്പിക്കൽ
6. കുട്ടികളെ നല്ല അറബി വായനക്കാരാക്കുക
7. അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ
8. മാഗസിൻ നിർമ്മാണം
9. ദിനാചരണങ്ങൾ പരിചയപ്പെടൽ

| ഉപലക്ഷ്യങ്ങൾ | ലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലേയും പ്രതീക്ഷിത തെളിവുകൾ | പിന്തുണ | കാലയളവ് |
|---|---|---|---|---|---|
| അക്ഷര വായന | അക്ഷരക്കാർഡുകൾ നൽകുന്നു | തെറ്റായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന പരിക്ഷിക്കുന്നു | കുട്ടികൾ വായിക്കുന്നു | CPTA | June, July, August |
| | | വീടുകളിൽ അക്ഷരച്ചാർട്ട് | | | |
| എഴുത്തു രീതി | അക്ഷരങ്ങൾക്ക് നിറം നൽകൽ | രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു | ഉച്ചാരണശുദ്ധി ഉണ്ടാകുന്നു | CPTA | June, July, August |
| ചിഹ്നങ്ങൾ ചേർത്തു വായന | ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു | | ചിഹ്നങ്ങൾ തിരിച്ചറിയുന്നു | | |
| പദനിർമ്മാണം | അക്ഷരങ്ങൾ ഔട്ട്ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു | | | CPTA | August September October |
| | അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു | | | | |
| പദശേഖരണം | പുതിയ പദശേഖരണത്തിന് അവസരം നൽകുന്നു. | ഓരോ ദിവസവും ഓരോ അക്ഷരത്തിനും ഓരോ പദങ്ങൾ കണ്ടെത്തി പ്രത്യേകം തയ്യാറാക്കിയ നോട്ടുപുസ്തകത്തിലെ നിശ്ചിത പേജിൽ ക്രമപ്രകാരം എഴുതുന്നു | | CPTA | August September October |
| | പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു | | | | |

| | | | | | |
|---|---|---|---|---|---|
| ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു | ക്ലാസിൽ സന്ദർഭങ്ങൾക്കനുസരിച്ച് ഉപചാര വാക്കുകൾ ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭങ്ങൾക്കനുസരിച്ച് ഉപചാര വാക്കുകൾ രക്ഷിതാവിന്റെ സഹായത്തോടെ ഉപയോഗിക്കാൻ പരിശീലിപ്പിക്കുന്നു | | CPTA | August September October November |
| വായനാ ലോകത്ത് സജീവമാക്കൽ | ക്ലാസ് തുടങ്ങിയ ഉടനെ നമ്പർ അനുസരിച്ച് ചിത്ര കഥ, കഥാപുസ്തകം, കുട്ടിക്കവിതകൾ തുടങ്ങിയവയിൽ നിന്ന് കുറച്ച് ഭാഗം വായിപ്പിക്കുന്നു<br>വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തി വെക്കുന്നു<br>കൂടുതൽ പുസ്തകങ്ങൾ വായിക്കുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നു | വീടുകളിലും ചെറിയ കഥകളും കവിതകളും നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു | ചെറിയ കഥകളും കവിതകളും വായിക്കുന്നു | CPTA | December January February March |
| എഴുത്തിന്റെ ലോകം | ക്ലാസ് മാസിക നിർമ്മാണം<br>വായനാക്കാർഡ് നിർമ്മാണം<br>മാതൃകാ മത്സരം നടത്തി ഏറ്റവും മികച്ചത് കണ്ടെത്തി ആവശ്യമായ ഇടപെടലിലൂടെ മെച്ചപ്പെടുത്തി ലാമിനേഷൻ ചെയ്ത് ഉപയോഗിക്കുന്നു<br>ചിത്രങ്ങൾ വരക്കുന്നു | ഒഴിവു വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകുന്നു. രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരക്കാനും നിറം നൽകാനും പരിശീലനം നൽകുന്നു | വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുന്നു<br>ചിത്രങ്ങൾ, അക്ഷരങ്ങൾ, കഥകൾ, കവിതകൾ ഉപചാരവാക്കുകൾ തുടങ്ങിയവ ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മിക്കുന്നു | CPTA | December January February March |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബി പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു | | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ കുട്ടികൾ ചാർട്ടുകളിൽ പോസ്റ്റർ നിർമ്മിക്കുന്നു | CPTA | December January February March |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

മലയാളം

UP അടിസ്ഥാന ശാസ്ത്രം

അടിസ്ഥാന ഗണിതം

എം. എം. യു. പി. സ്കൂൾ

കുഴുപ്പ.

# യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന പദങ്ങൾ വാക്യങ്ങൾ ഇവ ഉച്ചരിക്കുന്നു എഴുതുന്നു (അക്ഷരമറിയിക്കൽ, ഒളിഞ്ഞിരിക്കുന്നതാര്?, പദങ്ങളുടെ പദസൂര്യൻ... അക്ഷരങ്ങൾ, പദങ്ങൾ ഇവ ചേർത്ത് സ്വന്തമായി വാക്യങ്ങൾ നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ. |
| പഠിതാക്കളിൽ അർത്ഥപൂർണമായ വായനാശേഷി വളർത്തുന്നു | വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ തുടങ്ങിയവ പഠിതാക്കൾ വായിക്കുന്നു. പ്രതികരണ ശേഷി ഉണർത്തുകയും ആസ്വാദനബുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂലൈ മുതൽ | ക്ലാസ് അധ്യാപകർ രക്ഷിതാക്കൾ. |
| | വാർത്താ വായന<br>നവ മാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ മെച്ചപ്പെടുന്ന മുഴുവൻ കുട്ടികൾക്കും സ്കൂൾ തലത്തിൽ വാർത്താവായനയ്ക്ക് അവസരം നൽകുന്നു. മത്സരബോധം വളർത്തുന്നു. | വർഷാവസാനം വരെ. | അധ്യാപകർ. |
| സാഹിത്യകാരന്മാരെയും അവരുടെ സൃഷ്ടികളെയും അറിയുക – | ജീവചരിത്രം പരിചയപ്പെടൽ<br>കൃതികൾ പരിചയപ്പെടൽ. | | |

| | | | |
|---|---|---|---|
| മനോഭാവം വളർത്തുക വഴി വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വളർത്തൽ. | സാഹിത്യകാരൻമാരുടെ ജീവചരിത്രത്തെ പരിചയപ്പെടുന്നു. വിദ്യാലയത്തിലെ ലൈബ്രറി, വായനശാലകൾ ക്ലാസ് ലൈബ്രറി എവ പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ–മാർച്ച് | അധ്യാപകർ പി.ടി.എ രക്ഷിതാക്കൾ. |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നു. സ്വന്തം രചന പ്രോത്സാഹിപ്പിക്കുന്നു. | ആവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകം, ദൃശ്യാവിഷ്കാരം എവ ക്ലാസ്സുകളിലും ദിനാചരണ ഉത്സവ പരിപാടികളിലും അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>സ്വന്തമായി സാഹിത്യരചനകളിൽ ഏർപ്പെടാനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകുന്നു. കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി കയ്യെഴുത്ത് മാസികകളുണ്ടാക്കി പ്രകാശനം ചെയ്യുന്നു. | വർഷാന്ത്യത്തിൽ. | അധ്യാപകർ. |
| കുട്ടികളുടെ ആകാശവാണി. | വിദ്യാലയത്തിൽ നടക്കുന്ന വേറിട്ട പരിപാടികൾ വാർത്തയായി അവതരിപ്പിക്കുന്നു. | | |

## UP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല. കിറ്റിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്ന (നമ്പർ കാർഡ് ചാർട്ടുകൾ, മുത്തുകൾ, ഫ്ലാഷ്കാർഡ് പൊട്ടുകൾ.. ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ. | |
| രസകരമായ ഗണിത പഠനവും കുട്ടികളുടെ ശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല. ഒറിഗാമിയിലൂടെ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കുന്നു. | വർഷത്തിലൊരിക്കൽ | " | |
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കാൻ. | ക്ലാസ് മുറിയിൽ ഗണിതലാബ് ഒരുക്കൽ. | ആവശ്യാനുസരണം. | അധ്യാപകരും വിദ്യാർത്ഥികളും. | |
| ഗണിതം മധുരമാക്കാൻ. | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വീടിലൊരു പാർക്ക്. | ഒരുപ്രാവശ്യം. | | |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കുന്നു. | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ഉൾപ്പെടുത്തി ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | മൂന്ന്, നാല് ആഴ്ച്ച | ഗണിത അധ്യാപകർ. | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ | ഗണിത ക്ലിനിക്. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന | | | |

| | | | | |
|---|---|---|---|---|
| നിലയിലെത്തിക്കുന്നു. | കുട്ടികളുടെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | | | |
| വിവിധ ശേഷികളുടെ വികസനം. | ദിനാചരണം<br>ദിനാചരണവുമായി ബന്ധപ്പെട്ട് ഗണിതവിഷയത്തിൽ ചെയ്യാവുന്ന പ്രവർത്തനങ്ങൾ SRG യിൽ ആസൂത്രണം ചെയ്യുന്നു സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | അധ്യാപകർ പി.ടി.എ. കുട്ടികൾ. | |

# UP സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൈവവൈവിധ്യ പാർക്ക്. ഔഷധത്തോട്ടം, ശലഭോദ്യാനം, ജൈവവേലി, മുളകൾകൊണ്ടുള്ള ഇരിപ്പിടങ്ങൾ – മുതലായവ ഉൾക്കൊള്ളിച്ച് വിദ്യാലയത്തിൽ ഒരു ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | ജൂൺ – മാർച്ച് | അധ്യാപകർ കുട്ടികൾ. | |
| | കണ്ടറിയാനൊരു യാത്ര. വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങൾ, കണ്ടലുകൾ, കാവുകൾ, വയലുകൾ, കുളങ്ങൾ, പുഴ ഇവയെ അറിയാനൊരു യാത്ര. | ജൂൺ — സെപ്തംബർ | | |
| | പരീക്ഷണക്കളരി. നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രാശയങ്ങൾ ഒരുക്കുന്ന പരീക്ഷണ അറിവ് ശേഖരണം. | അക്കാദമിക വർഷം. | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആർജിത ശാസ്ത്രാശയങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | പ്രോജക്ട് തയ്യാറാക്കൽ, റിപ്പോർട്ട് അവതരണം. ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ. | അക്കാദമിക വർഷം. | | |

| | | | | |
|---|---|---|---|---|
| നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടാനുള്ള ശേഷി വികസിപ്പിക്കൽ. | ശാസ്ത്രമാസിക തയ്യാറാക്കൽ<br>ശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട അറിവുകളും, ശാസ്ത്രനാടകം, ശാസ്ത്രലേഖനം പരീക്ഷണ വിശദീകരണം ഇവ ഉൾപ്പെടുത്തി ശാസ്ത്രമാസിക തയ്യാറാക്കുന്നു.<br>പാഠഭാഗത്ത് പരാമർശിച്ച ഉപകരണങ്ങൾ നിർമ്മിക്കാനുള്ള അവസരം ഒരുക്കുന്നു. സ്കൂൾ പ്രദർശന മേളയിൽ കുട്ടികൾ തയ്യാറാക്കിയ ഉപകരണങ്ങൾ പ്രദർശനത്തിനൊരുക്കുന്നു. | സർഗാത്മകത വർധനം. | | |

# Academic Master Plan 2025-26

## UP English

M.M.U.P School, Kuppam

| Objectives | Activities | Duration | Duty | Fund |
|---|---|---|---|---|
| ശരിയായ ഇംഗ്ലീഷ് കേൾക്കാനും അറിയാനും സംസാരിക്കാനും അവസരം ഒരുക്കുന്നു. | Lend your Ear : ലളിതവും കൗതുകവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | June<br>July & August | ഇംഗ്ലീഷ് അധ്യാപകർ | |
| | Follow Me If you can : ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | | | |
| | Breaking News : പ്രധാന വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾക്കാൻ അവസരം നൽകുന്നു. | June, July & August | | |

| Objectives | Activities | Duration | Duty | Fund |
| --- | --- | --- | --- | --- |
| | പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ടീച്ചറുടെ ശബ്ദത്തിൽ പാഠഭാഗങ്ങൾ റെക്കോർഡ് ചെയ്ത് ഗ്രൂപ്പിൽ share ചെയ്ത്, പലതവണ കേൾക്കാനുള്ള അവസരം നൽകുന്നു. | | | |
| | One Man Show : ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | October | ഇംഗ്ലീഷ് അധ്യാപകർ | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I too can : വ്യത്യസ്ത ലൈബ്രറിയിൽ വിവിധ വായനാ കാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കാൻ അവസരമൊരുക്കുന്നു. (ലളിതവായനയിൽ നിന്ന് സങ്കീർണ്ണതയിലേക്ക്) | July August & September | | |

| Objectives | Activities | Duration | Duty | Fund |
|---|---|---|---|---|
| | Learning Ladder : പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഉയർന്നുള്ള ഉയരങ്ങൾ കീഴടക്കാൻ സഹായിക്കുന്നു.<br><br>F.M Corner : വ്യത്യസ്തമായ ഭാഗങ്ങൾ Reader's Theatre രൂപത്തിൽ ടേബിൾ ഫോം വട്ടത്തിൽ അവതരിപ്പിക്കാൻ ഉതകുന്ന അവസരം നൽകുന്നു. | | ഇംഗ്ലീഷ് അധ്യാപകർ | |

| Objectives | Activities | Duration | Duty | Fund |
|---|---|---|---|---|
| | Reader of the Month : English ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | every month | ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets : കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | At the end of the year | " | |
| | Alert zone : സൂചനാ ബോർഡുകൾ പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | | | |

| Objectives | Activities | Duration | Duty | Fund |
| --- | --- | --- | --- | --- |
| | Run Baby Run : ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്കുകൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു. | January | ഇംഗ്ലീഷ് അധ്യാപകർ | |
| | Fun Time Funda : കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ, എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | February | " | |

| Objectives | Activities | Duration | Duty | Fund |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നതിന് | The Grand English Camp : ഇംഗ്ലീഷ് പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും സമീപ കോളേജുകളിലെ ഇംഗ്ലീഷ് വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥ പറയൽ, കവിതകൾ ആറാം ക്ലാസിന് skit, drama, ഏഴാം ക്ലാസിന് കവിത, പോസ്റ്റർ.<br>ക്യാമ്പിന് ഒരു ഡോക്യുമെന്ററി / ഫിലിം ഷോ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ<br>പി.ടി.എ<br>രക്ഷിതാക്കൾ | PTA |

MM U P SCHOOL, KUPPAM

UP സോഷ്യൽ സയൻസ്

അക്കാദമിക്

# മാസ്റ്റർ പ്ലാൻ

2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. | **Virtual Field Trip** ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | ജൂൺ - ജൂലായ് | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 4) പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ പ്രാപ്തരാക്കുന്നു. | <u>പ്രകൃതിതാണ്ഡവം നേർക്കാഴ്ച</u><br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 5) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | <u>ചിലന്തിവലയിൽ നിന്ന് കുതിച്ച് ചാട്ടം</u><br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളേ? പരിസ്ഥിതി ചർച്ചക്ക് കാരണമാവുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 7) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ട് എന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## **2025–26**

വിഭാഗം : **UP** ഹിന്ദി

സ്കൂൾ : എം എം യു പി സ്കൂൾ, കൂപ്പം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
| --- | --- | --- | --- | --- |
| അക്ഷരം ഉറപ്പിക്കൽ | പുതിയ പദങ്ങൾ, ശരീരാവയവങ്ങൾ പദ്യങ്ങൾ ചൊല്ലി അവയിൽ വരുന്ന ഹിന്ദി അക്ഷരങ്ങൾ മനസ്സിലാക്കുക. അക്ഷര ചാർട്ട് പ്രദർശിപ്പിച്ച് പഠിപ്പിക്കൽ. | 5, 6, 7 | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകർ |
| തെറ്റ് കൂടാതെയുള്ള ഹിന്ദി വായന | പുസ്തകങ്ങളും വായനാ കാർഡുകളും വായിച്ച് കേൾപ്പിക്കുക. അധ്യാപകൻ തെറ്റായി വായിക്കുകയും കുട്ടികൾ അത് ശരിയാക്കി വായിക്കുകയും ചെയ്യുന്നു. | 5, 6, 7 | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ആർജ്ജിക്കൽ | ക്ലാസ്സിൽ ഹിന്ദി മാത്രം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക. ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ പറയാൻ പഠിപ്പിക്കുക | 5, 6, 7 | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| ഹിന്ദി ഭാഷയോടുള്ള താല്പര്യം വർദ്ധിപ്പിക്കൽ | ഐസിടിയുടെ സഹായത്തോടെ ഹിന്ദി കാർട്ടൂൺ, വീഡിയോ, ഓഡിയോ പ്രദർശനം നടത്തുക | 5, 6, 7 | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |

ഉർദു അക്കാദമിക്

മാസ്റ്റർ പ്ലാൻ 2025 - 26

യുപി തലം

# ആമുഖം

ഇന്ത്യയിൽ ജനിച്ച് ലോകത്താകമാനം വളർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു 'ഖഡി ബോലി' എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നതാണ്. ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീതസുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടേയും കവിതകളുടേയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സാംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും, മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

2025-26 വർഷത്തിൽ സ്കൂളിൽ ഉറുദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സര പരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാം കുട്ടികളും ആർജ്ജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും എട്ടാം ക്ലാസ്സ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പുവരുത്തുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷയെ കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.

| | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ, തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ |
| 2 | ഉർദു കയ്യെഴുത്ത് മാഗസിൻ. | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്തിന്നി ലക്ഷ്യ പൂർത്തീകരണത്തിനും കുട്ടികളിലെ സർഗ്ഗാത്മക | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് |
| 3 | ഡിജിറ്റൽ മാഗസിൻ | ~~ഉർദു ഗസലുകളും,~~ കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് |
| 4 | പൊതു വിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് |
| 5 | ഉർദു ദിനം | ടാലന്റ് മീറ്റ് അക്ഷരമരം ഭാഷ സെമിനാർ എന്റെ പതിപ്പ്. | അതാത് ദിനങ്ങളിൽ. | ഉർദു ക്ലബ്ബ് |
| 6 | ദിനാചരണങ്ങൾ | ഭാഷ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് |